## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7919

16.07.2014 ൽ മറുപടിയ്ക്ക്

# സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ 78 സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br>ഇതിനുപുറമെ സഹകരണ മേഖലയിൽ സംസ്ഥാന സഹകരണ യൂണിയനു കീഴിൽ 13 സഹകരണ പരിശീലന കോളേജുകളിലും (എച്ച്.ഡി.സി) 10 സഹകരണ പരിശീലന കേന്ദ്രങ്ങളും (ജെ.ഡി.സി.) മാനേജ്മെന്റ് (എം.ബി.എ) പഠനത്തിനായി കിക്മ എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു.<br>കൂടാതെ, സർക്കാരിലെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന്റെ കീഴിൽ 8 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ കോളേജും ഒരു ഫിനിഷിംഗ് സ്കൂളും പ്രവർത്തിച്ചുവരുന്നു. |
| (ബി) ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് മറ്റ് സ്ഥാപനങ്ങളിലെ ഫീസിനെക്കാൾ കുറവാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിൽ ഇളവ് നൽകുന്നുണ്ട്. കൂടാതെ എസ്.സി./എസ്.റ്റി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ചില സ്ഥാപനങ്ങൾ 50% ഫീസ് ഇളവും |

നൽകുന്നുണ്ട്. എസ്.സി./എസ്.റ്റി, ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയും ഭൂരിഭാഗം സ്ഥാപനങ്ങളും ലഭ്യമാക്കി നൽകുന്നുണ്ട്. കൂടാതെ കെ.പി.സി.ആർ. സ്കോളർഷിപ്പും, മറ്റ് സ്കോളർഷിപ്പുകളും നൽകി വരുന്നു.
കേപ്പിലെ വിദ്യാർത്ഥികൾക്ക് മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്, സെക്യൂർ സ്കോളർഷിപ്പ്, കെ.പി.സി.ആർ. സ്കോളർഷിപ്പ്, ട്യൂഷൻ ഫീ വേവർ സ്കീം, എസ്.സി./എസ്.റ്റി, ഒ.ഇ.സി. വിഭാഗങ്ങൾക്ക് ട്യൂഷൻ ഫീസ് ഇളവ്, ഒറ്റ പെൺകുട്ടികൾക്കുള്ള ആനുകൂല്യം, ഫിഷർമാൻ സ്കോളർഷിപ്പ്, കെട്ടിട നിർമ്മാണം, തയ്യൽ, കയർ, കശുവണ്ടി മേഖലകളിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കായുള്ള ക്ഷേമ നിധിയും അനുവദിക്കുന്നു.

(സി) ഏതെല്ലാം കോഴ്സുകളാണ് ഈ സ്ഥാപനങ്ങളിൽ നടത്തുന്നതെന്ന് അറിയിക്കുമോ?

(സി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൈമറി ക്ലാസ്സുകളും, പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളും വിവിധ ആർട്സ് വിഷയങ്ങളിലെ ബാച്ചിലർ ഡിഗ്രി കോഴ്സുകളും, ബി.കോം, ബി.എസ്.സി. കോഴ്സുകളും, ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തി വരുന്നു. കൂടാതെ, ബി.ബി.എ, എം.ബി.എ കോഴ്സുകളും നടത്തുന്നുണ്ട്. സഹകരണ നഴ്സിംഗ് കോളേജുകളിൽ ജനറൽ നഴ്സിംഗ്-മിഡ്‌വൈഫറി കോഴ്സുകളും, ബി.എസ്.സി. നഴ്സിംഗ് കോഴ്സുകളും നടത്തുന്നു. വിവിധ പാരാമെഡിക്കൽ കോഴ്സുകളും, എൻ.സി.വി.റ്റി. യുടെ കോഴ്സുകളും, കമ്പ്യൂട്ടർ കോഴ്സുകളും, സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്നു. കൂടാതെ ബി.ടെക്, എം.ടെക് കോഴ്സുകളും നടത്തുന്നുണ്ട്.
സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എച്ച്.ഡി.സി., ബി.എം. കോഴ്സും, ജെ.ഡി.സി. കോഴ്സും 'കിക്മ'യിൽ എം.ബി.എ. കോഴ്സും നടത്തുന്നു.

കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക്, എം.ടെക്, എം.സി.എ കോഴ്സുകളും പുന്നപ്രയിൽ പ്രവർത്തിക്കുന്ന ഫിനിഷിംഗ് സ്കൂളിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിവിധതരം ട്രെയിനിംഗുകളും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ